(ഇ) സ്ഥിരം പരിശീലകരെ നിയമിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ കായികരംഗത്ത് മികവ് പുലർത്തുന്നതും യോഗ്യതയുള്ളവരുമായ കായിക പരിശീലകരെ Redeployment വ്യവസ്ഥയിൽ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതിന് സ്പോർട്സ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിനുവേണ്ടി സ്പോർട്സ് വകുപ്പിൽനിന്നും 2011-ൽ അനുവദിച്ച ഒരുകോടി രൂപ ഉപയോഗിച്ചുകൊണ്ടുള്ള പുതിയ ഹോസ്റ്റൽ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ജി) കണ്ണൂർ സ്പോർട്സ് ഡിവിഷൻ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം ഹോസ്റ്റൽ കെട്ടിടത്തിലെ സ്ഥലപരിമിതിയാണ്. പുതിയ ഹോസ്റ്റൽ മന്ദിരം നിർമ്മിക്കുന്നതിനായി കായിക വകുപ്പിൽനിന്നും അനുവദിച്ച ഒരുകോടി രൂപ വിനിയോഗിച്ചുകൊണ്ട് പുതിയ ഹോസ്റ്റൽ നിർമ്മാണം നടന്നുവരുന്നു. ബഹുമാനപ്പെട്ട എം.പി. ശ്രീമതി ടീച്ചർ അനുവദിച്ച തുക ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ ടോയ്ലറ്റുകളുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്. ഹോസ്റ്റലും പരിസരവും വൃത്തിയാക്കുന്നതിന് എഫ്.ടി.എം.-നെയും സുരക്ഷയ്ക്കായി സെക്യൂരിറ്റിയെയും അസിസ്റ്റന്റ് വാർഡനായി രണ്ട് അദ്ധ്യാപകരെ വർക്കിംഗ് അറേഞ്ച്മെന്റിലും നിയമിച്ചിട്ടുണ്ട്. ഹോസ്റ്റലുമായി ബന്ധപ്പെട്ട് നടത്തുവാനുണ്ടായിരുന്ന മെയിന്റനൻസ് വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. പുതിയ മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ കണ്ണൂർ സ്പോർട്സ് ഡിവിഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പുനഃക്രമീകരണം

69 (3797) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾക്ക് കീഴിലുള്ള എൽ.പി., യു.പി. വിദ്യാലയങ്ങളുടെ എണ്ണം പട്ടിക സഹിതം വ്യക്തമാക്കാമോ ;

(ബി) ഓരോ ഉപജില്ലക്ക് കീഴിലും ഉള്ള വിദ്യാർത്ഥികൾ, അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ എന്നിവരുടെ എണ്ണം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാലയങ്ങളും വിദ്യാർത്ഥികളും ഉള്ള ഉപജില്ലകൾ ഏതെല്ലാം ;

(ഡി) ഏറ്റവും കുറവ് വിദ്യാലയങ്ങളും വിദ്യാർത്ഥികളും ഉള്ള ഉപജില്ലകൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വിദ്യാലയങ്ങളുടെയും വിദ്യാർത്ഥികളുടെയും എണ്ണം കണക്കാക്കി ഭരണ സൗകര്യത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഉച്ചഭക്ഷണ പദ്ധതി

70 (3800) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇതിന് ഓരോ കുട്ടിക്കും ഒരു ദിവസം ചെലവഴിക്കുന്ന തുകയെത്രയെന്ന് അറിയിക്കുമോ ;

(സി) തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിശ്ശിക ഇനത്തിൽ എത്ര തുക കൊടുത്തുതീർക്കാനുണ്ട് ; അടിയന്തിരമായി അത് കൊടുത്തു തീർക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് പ്രതിദിനം 5 രൂപയും 200 രൂപ പാചകക്കൂലിയും 151 മുതൽ 500 വരെ കുട്ടികളുള്ള സ്കൂളുകളിൽ പ്രതിദിനം കുട്ടിയൊന്നിന് 6 രൂപ (പാചകക്കൂലി ഉൾപ്പെടെ) 501-ൽ മുകളിൽ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6 രൂപയും, 500-ൽ മുകളിൽ ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപ വീതവും (പാചകക്കൂലി ഉൾപ്പെടെ) സ്കൂൾ പ്രവൃത്തി ദിവസം നൽകിവരുന്നു.

(സി) തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലവ്യഞ്ജനങ്ങൾ, എണ്ണ, വിറക്, പച്ചക്കറി എന്നിവയുടെ ക്രമാതീതമായ വില വർദ്ധനവുമൂലം സ്കൂൾ ഉച്ചഭക്ഷണത്തിനുള്ള പാചകച്ചെലവിന് നിലവിൽ കുട്ടിയൊന്നിന് 5, 6 രൂപ നിരക്കിൽ നൽകിവരുന്ന തുക കാലോചിതമായി പരിഷ്കരിക്കുവാൻ വിവിധ ഭാഗത്തുനിന്നും നിവേദനം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ നൽകിവരുന്ന 5 രൂപ എന്നത് 7 രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly